# ഇമാം അബ്ദുല്ലാഹ് ഇബ്നു സുബൈർ അൽ ഹുമൈദി (رحمه الله)

തയ്യാറാക്കിയത്: അബൂഹംന കാരത്തൂർ

**പേരും പരമ്പരയും**

അബ്ദുല്ലാഹ് ഇബ്നു സുബൈർ ഇബ്നു ഈസാ ഇബ്നു അബ്ദില്ലാഹ് ഇബ്ൻ ഉസാമ അബൂ ബക്ക്ർ അൽ ഖുറൈശീ അൽ അസദീ അൽ ഹുമൈദീ അൽ മക്കീ എന്നായിരുന്നു ഇമാം അവർകളുടെ പേര്. ഹറമിലെ(മക്കയിലെ) ശൈഖും 'അൽമുസ്നദി'ന്റെ രചയിതാവുമായിരുന്നു അദ്ദേഹം.

**അധ്യാപകർ**

അദ്ദേഹം തന്റെ അധ്യാപകരായ ഫുദൈൽ ബ്ൻ ഇയ്യാദി(رحمه الله)ൽ നിന്നും, സുഫ്യാൻ ഇബ്നു ഉയയ്ന(رحمه الله)യിൽ നിന്നും ധാരാളമായും ഹദീസുകൾ ഉദ്ധരിച്ചതായി കാണാം. ഇവർക്കു പുറമെ യഹ്യാ ഇബ്നു ഉബൈദ്(رحمه الله), വകീഅ്(رحمه الله), വലീദ് ഇബ്നു മുസ്ലിം(رحമه الله), അശ്ശാഫിഈ(رحمه الله) തുടങ്ങിയവരിൽ നിന്നും കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. സുഫ്യാനു ബ്നു ഉയയ്ന(رحمه الله)യിൽ നിന്നും അദ്ദേഹം ധരാളം ഹദീസുകൾ കേട്ടതായി അശ്ശാഫിഈ(رحمه الله) പറയുന്നു: ''അദ്ദേഹം സുഫ്യാനു ബ്നു ഉയയ്നയിൽ നിന്നും പതിനായിരം ഹദീസുകൾ ഹൃദിസ്തമാക്കിയിട്ടുണ്ട്''. ഇമാം അൽ ഹുമൈദീ(رحمه الله) പറഞ്ഞു: ''ഞാൻ സുഫ്യാനു ബ്നു ഉയയ്നയോടൊപ്പം പത്തൊൻപതു വർഷത്തോളം ഇരുന്നിട്ടുണ്ട്''. അശ്ശാഫ്ഈ(رحمه الله)യുടെ പ്രഗൽഭ സഹകാരികളിൽ ഒരാളായിട്ടാണ് അദ്ദേഹം ഗണിക്കപ്പെടുന്നത്.

**ശിഷ്യന്മാർ**

ബൃഹത്തായ ശിഷ്യഗണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അവരിൽ ഒരാളായിരുന്നു ഇമാം ബുഖാരി (رحمه الله). നാം കാണുന്നതുപോലെ തന്റെ സ്വഹീഹിലെ ''നിശ്ചയമായും പ്രവർത്തങ്ങൾ ഉദ്ദേശ്യാനുസാരമാണ്....'' എന്ന ഒന്നാമത്തെ ഹദീസ് അദ്ദേഹത്തിൽ നിന്നാണ് ബുഖാരി ഉദ്ധരിച്ചിട്ടുള്ളത്. അദ്ദുഹ്ലി(رحمه الله)യും, രണ്ടു റാസിമാരും–അബൂ സുറാഹും(رحمه الله) അബൂ ഹാതിമും(رحمه الله) – അബൂ ബക്ർ മുഹമ്മദ് അൽ ഇദ്രീസ് അൽ മക്കി(رحمه الله)യെ പോലെ അദ്ദേഹത്തിൽനിന്നും ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്.

**പണ്ഡിത പ്രശംസകൾ**

ഇമാം അഹമ്മദ് ഇബ്നു ഹമ്പൽ(رحمه الله) പറഞ്ഞു: ''നമ്മുടെ അഭിപ്രായത്തിൽ അൽ ഹുമൈദീ ഒരു ഇമാം തന്നെയാണ്''

അബുഹാതിം റാസി(رحمه الله) പറഞ്ഞു: ''ഇബ്നു ഉയയ്നയിൽ നിന്നും ഉദ്ധരിക്കുന്ന ആധികാരിക വ്യക്തിത്വങ്ങളിൽ പ്രധാനിയും അദ്ദേഹത്തിന്റെ സഹകാരികളിൽ തലവനുമായിരുന്നു അൽ ഹുമൈദീ. അദ്ദേഹം വിശ്വസ്ഥനായ വ്യക്തിയും ഇമാമും ആയിരുന്നു''.

അൽ ഫസാവീ(رحمه الله) അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞു: ''അൽ ഹുമൈദീ ഞങ്ങൾക്ക് വിശദീകരിച്ചു തരുമായിരുന്നു. അദ്ദേഹത്തെപോലെ ഇസ്‌ലാമിനെ ആത്മാർത്ഥമായി മുറുകെ പിടിക്കുന്ന മറ്റൊരാളെ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.''

മുഹമ്മദ് ഇബ്നു അബ്ദു റഹീം അൽ ഹരാവീ(رحمه الله) പറഞ്ഞു: ''ഹിജ്റ 198 ലാണ് ഞാൻ മക്കയിൽ എത്തിയത്. ഞങ്ങൾ എത്തുന്നതിന്റെ ഏഴു മാസങ്ങൾക്ക് മുമ്പ് വർഷാരംഭത്തിൽ സുഫ്‌യാൻ ഇബ്നു ഉയയ്ന മരണപ്പെട്ടിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ സഹകാരികളിൽ ആരാണ് ഏറ്റവും പ്രഗൽഭനെന്ന് ഞാൻ തിരക്കുകയുണ്ടായി. അൽ ഹുമൈദി എന്ന നാമമാണ് എനിക്ക് കേൾക്കാനായത്. അപ്പോൾ അദ്ദേഹത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ട ഇബ്നു ഉയയ്നയുടെ ഹദീസുകൾ ഞാൻ രേഖപ്പെടുത്തി''

ഇസ്ഹാഖ് ഇബ്നു റാഹവൈഹ്(رحمه الله) പറഞ്ഞു: ''അശ്ശാഫിഈ, അൽ ഹുമൈദീ, അബു ഉബൈദ് എന്നിവർ ഞങ്ങളുടെ കാലഘട്ടത്തിലെ ഇമാമുകളായിരുന്നു''

അലി ഇബുൻ ഖലഫ്(رحمه الله) പറഞ്ഞു: ''അൽ ഹുമൈദി പറയുന്നതായി ഞാൻ കേട്ടു: 'ഞാൻ ഹിജാസ് പ്രദേശത്തും അഹ്മദ് ഇബ്നു ഹമ്പൽ ഇറാഖിലും ഇസ്ഹാഖ് ഖുറാസാനിലും ഉള്ളിടത്തോളം ഞങ്ങളെ ഇവിടെ ആരും മറികടക്കുകയില്ല.'''

അൽ ഹാകിം(رحمه الله) പറഞ്ഞു: "ബുഖാരി ഒരു ഹദീസ് സ്വീകരിക്കുമ്പോൾ അൽ ഹുമൈദിയുടെ ഹദീസ് ഉദ്ധരിണികൾക്ക് പകരമായി മറ്റൊരാളുടെ ഉദ്ധരണികൾ സ്വീകരിക്കുമായിരിന്നില്ല."

ഇബ്നു ഹിബ്ബാൻ(رحمه الله) പറഞ്ഞു: ''മഹത്വവും മതവും ഉൾക്കൊള്ളുന്ന സുന്നത്തിന്റെ ഒരു വ്യക്തിയായിരുന്നു അദ്ദേഹം''

ഇബ്നു അദിയ്യ്(رحمه الله) പറഞ്ഞു: ''അശ്ശാഫിഈയോടൊപ്പം ഈജിപ്തിലേക്ക് അദ്ദേഹം യാത്ര പോയി. അദ്ദേഹം ജനങ്ങളിൽ വച്ച് നല്ല വ്യക്തിത്വമായിരുന്നു''.

ഇതിലുപരി, അബു മുഹമ്മദ് ഹർബ് അൽ കർമാനീ(رحمه الله), അൽ ലാലിക്കാഈ(رحمه الله), ഇബ്നു തീമിയ്യ (رحمه الله) തുടങ്ങിയവർ അദ്ദേഹത്തെ ''അഹലു സുന്നയുടെ ഇമാം'' എന്ന നിലയിലാണ് വിശദീകരിക്കുന്നത്.

ഇമാം അൽ ഹുമൈദീ(رحمه الله) പറഞ്ഞു: ''അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ പ്രവാചകൻ(ﷺ)യുടെ ഹദീസ് നിഷേധികളോടുള്ള യുദ്ധമാണ് സത്യനിഷേധികളോടുള്ള യുദ്ധത്തേക്കാൾ എനിക്ക് പ്രിയങ്കരം''

**രചനകൾ**

അദ്ദേഹത്തിന്റെ ജീവ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും രചനകളെ കുറിച്ചുള്ള പ്രരാമർശങ്ങൾ വേണ്ട വിധം പ്രതിപാദിച്ചു കാണുന്നില്ല എങ്കിലും അവയിൽ കാണപ്പെട്ടവ ഇപ്രകാരമാണ്:

1) അൽ മുസ്നദ് (അദ്ദേഹത്തിന്റെ അഖീദാ സംബന്ധിയായ പ്രശസ്ത ലേഖനങ്ങൾ ഇതുൾക്കൊള്ളുന്നു)
2) റദ്ദ് അലാ നുഅ്മാൻ
3) അത്തഫ്സീർ

4) അദ്ദലാഇൽ

**മരണം**

ഇബ്നു സഅദ്(رحمه الله) പറഞ്ഞു: ''ഹിജ്റ 219ൽ മക്കയിൽ അദ്ദേഹം നിര്യാതനായി. ഏറെ വിശ്വസ്ഥനായ അദ്ദേഹം ഒട്ടേറെ ഹദീഥുകൾ ഉദ്ധരിച്ചു. അദ്ദേഹത്തിനു അല്ലാഹുവിന്റെ കാരുണ്യമുണ്ടായിരിക്കട്ടെ''

**ജീവചരിത്ര ഗ്രന്ഥ ഉറവിടങ്ങൾ**

അദ്ദേഹത്തിന്റെ ജീവ ചരിത്രം ഇമാം ദഹബി(رحمه الله)യുടെ സിയാർ അഅ്ലാം അന്നുബാല (10/616–621), തദ്കിറത്തുൽ ഹുഫ്ഫാദ് (2/413–414) എന്നിവയിലും അൽ മിസ്സിയുടെ അത്തഹ്ദീബ് (14/512)യിലും ലഭ്യമാണ്.